സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകൾ

107 (1162) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പ്രവൃത്തിദിനത്തിലെ കണക്കിൻപ്രകാരം സംസ്ഥാനത്ത് എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ; സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും എത്ര വിദ്യാർത്ഥികളുണ്ട് ; ജില്ലാടിസ്ഥാനത്തിൽ എത്ര കുട്ടികൾ ഓരോ ക്ലാസ്സിലും പഠിക്കുന്നുവെന്ന് സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് കണക്ക് നൽകാമോ ;

(സി) കേന്ദ്രീയവിദ്യാലയങ്ങൾ/മറ്റ് സി.ബി.എസ്.ഇ. വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പഠിക്കുന്നുവെന്ന കണക്ക് ലഭ്യമാണോ ; എങ്കിൽ, ജില്ല തിരിച്ച് കണക്ക് നൽകാമോ ;

(ഡി) അംഗീകാരമില്ലാത്ത സ്കൂളുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകാമോ ;

(ഇ) അംഗീകാരമില്ലാത്ത സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; വിശദമായ കണക്ക് ലഭ്യമാക്കാമോ ;

(എഫ്) പൊതുവിദ്യാഭ്യാസമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദമാക്കാമോ ;

(ജി) വിദ്യാർത്ഥികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വ്യക്തമാക്കാമോ; അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കിവന്ന സമഗ്രവിദ്യാഭ്യാസപദ്ധതി പൊതു വിദ്യാഭ്യാസ മേഖലയെ ഏതെല്ലാം വിധത്തിൽ ശക്തിപ്പെടുത്തുന്നുവെന്ന് വിശദീകരിക്കാമോ ; സമഗ്രവിദ്യാഭ്യാസ പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന വ്യക്തമാക്കാമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly